ശ്രീ. കെ. എം. കോര: ന്നൽ കിട്ടുന്നതനുസരിച്ചും ഉണ്ടാക്കുന്നതു അനുസരിച്ചുമാണു് വിതരണംചെയ്യുന്നതു്.

Sri. K. Sivarama Pillai: Is the Government aware that 60's and 80's have not been distributed for the last one month?

Sri. K. M. Korah; Government are not aware. On the other hand, Government are aware of the fact that nobody wants that.

SABARIMALA CASE

*185 [23] **Sri. A. K. George:** Will the hon. Chief Minister be pleased to state whether it is a fact that the Government have issued orders to stop further police enquiries about the Sabarimala case?

Chief Minister **(Sri. C. Kesavan):** No.

ശ്രീമതി. ആനിമസ്ക്രീൻ: സർ, ഇനി എത്രനാൾ കൂടിവേണം ഇങ്ങനെയൊരു ഉത്തരവു് പുറപ്പെടുവിക്കുന്നതിനു്?

Mr. Speaker: The question is disallowed.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ കേസിൽ ചില പ്രമുഖ വ്യക്തികൾകൂടി ഉൾപ്പെട്ടിട്ടുണ്ടെന്നു് ശ്രീ. കേശവമേനോന്റെ റിപ്പോർട്ടിൽ ഉള്ളതുകൊണ്ടാണു് ആ റിപ്പോർട്ടു് വെളിപ്പെടുത്താത്തതെന്നുള്ളതു് പരമാർത്ഥമാണോ?

Mr. Speaker: The question contains an inference. The question is disallowed.

Written Answers

കണ്ടിൻജൻസി ജോലിക്കാർ

*186 [26] **Sahib Bahadur T. A. Moideen Kunju:**

താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

പെർമെനൻറും ടെമ്പററിയും എസ്റ്റാബ്ലിഷ്മെൻറു് എൻ.ജി.ഒ.മാർക്കു് ഡിയർനസ്സു് അലവൻസു് കൂട്ടിക്കൊടുത്തപ്പോൾ കണ്ടിൻജൻസി ജോലിക്കാർക്കു് എന്തുകൊണ്ടു് കൂട്ടിക്കൊടുത്തില്ല?

ധനകാര്യവും, ക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

വിവിധതരത്തിലുള്ള കണ്ടിൻജൻസി ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ആവശ്യമായ വിവരങ്ങൾ ഡിപ്പാർട്ടുമെൻറു് മേധാവികളിൽ നിന്നും ശേഖരിച്ചു വരുന്നുണ്ടു്. ആയതു പൂർത്തിയായാലുടൻ ഈ സംഗതിയിൽ വേണ്ട ഉത്തരവു പുറപ്പെടുവിക്കുന്നതാണു്.

തിരുവനന്തപുരം ടെന്നീസ് ക്ലബ്ബ്

*ക്വ ൭ (ഡ൯) ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ശ്രീ. രാമാനുജ അയ്യങ്കാർ കൊല്ലം ഡിസ്ട്രിക്ടു് കലക്ടർ ആയിരുന്നപ്പോൾ തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിന്റെ ആവശ്യത്തിനായി അദ്ദേഹം തിരുവല്ലാ, ചെങ്ങന്നൂർ മുതലായ സ്ഥലങ്ങളിലെ പല വ്യക്തികളിൽ നിന്നും പണം പിരിച്ചിട്ടുണ്ടോ?

---

*Put by Sri. K. A. Mathew with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly